**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1808** **10.03.2020-ൽ മറുപടിയ്ക്ക്**

**ഉപയോഗശൂന്യമായ മരുന്നുകളുടെ സംസ്കരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** കേരളം ഒരു വർഷം വാങ്ങുന്നത് 12,350 കോടി രൂപയുടെ അലോപ്പതി മരുന്നുകളാണെന്നും ഇത് ദേശീയ മരുന്ന് ഉപയോഗത്തിന്റെ പത്ത് ശതമാനമാണെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | **എ)** ആരോഗ്യ പരിപാലനത്തിന്റെ കാര്യത്തിൽ കേരള സംസ്ഥാനം വളരെ മുൻപന്തിയിലായതിനാലും, അലോപ്പതി ചികിത്സയ്ക്കുള്ള ആശുപത്രികൾ സർക്കാർ മേഖലയിലും, സ്വകാര്യ മേഖലയിലും യഥേഷ്ടം ഉള്ളതിനാലും, അലോപ്പതി മരുന്നുകൾ സംസ്ഥാനത്ത് എല്ലാ പ്രദേശത്തും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ സംസ്ഥാനത്തെ ഔഷധങ്ങളുടെ പ്രതിവർഷ വിപണനം ദേശീയ ശരാശരിയെക്കാളും മുകളിലാണ് എന്നുള്ള കാര്യം വാസ്തവമാണ്. |
| **ബി)** ഇതിൽ കാലാവധി കഴിഞ്ഞതും ഉപയോഗിക്കാത്തതുമായ ഏതാണ്ട് ഇരുപതിനായിരം ടൺ മരുന്ന് ഒരുവർഷം പുറംതള്ളുന്നത് മൂലം വലിയതോതിലുള്ള മലിനീകരണം സൃഷ്ടിക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | **ബി)** കാലാവധി കഴിഞ്ഞതും ഉപയോഗശൂന്യവുമായ മരുന്നുകൾ അശാസ്ത്രീയമായി പുറന്തള്ളുന്നത് കാരണം പരിസ്ഥിതി മലിനീകരണം ഉണ്ടാകുകയും, ഇത് മൂലം ആന്റി മൈക്രോബിയൽ റസിസ്റ്റന്റ്സ് എന്ന മാരക അവസ്ഥ സൃഷ്ടിക്കപ്പെടുന്നു എന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **സി)** നിലവിൽ ഇത് സംസ്കരിക്കുന്നതിന് സംസ്ഥാനത്ത് സംവിധാനമുണ്ടോയെന്ന് അറിയിക്കാമോ; തിരുവനന്തപുരത്ത് നടപ്പാക്കുന്ന പ്രൗഡ് പദ്ധതി സർക്കാർ സംവിധാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കാമോ; | **സി)** കാലാവധി കഴിഞ്ഞതും ഉപയോഗ ശൂന്യവുമായ മരുന്നുകളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പാക്കി വരുന്ന പ്രൗഡ് പദ്ധതി സർക്കാർ സംവിധാനത്തിന്റെ ഭാഗമാക്കി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |
| **ഡി)** അല്ലെങ്കിൽ ക്ലീൻ കേരള പദ്ധതിയിലുൾപ്പെടുത്തി ഉപയോഗ-ശൂന്യമായ മരുന്നുകളുടെ സംഭരണം നിർവ്വഹിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | **ഡി)** ഉപയോഗ ശൂന്യമായ മരുന്നുകളുടെയും കാലാവധി കഴിഞ്ഞ മരുന്നുകളുടെയും നിർമ്മാർജനത്തിനായുള്ള ചിലവിലേയ്ക്ക് അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. നിലവിൽ ക്ലീൻ കേരളം പദ്ധതിയിൽ ഉപയോഗശൂന്യമായ മരുന്നുകളുടെ സംഭരണം നടത്തുന്നില്ല. |

**സെക്ഷൻ ഓഫീസർ**